**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **12-02-2025 - ൽ മറുപടിയ്ക്ക്**

**അന്തർജില്ലാ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ ഗവ. വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ, ഗവ. ടി.സി.എൻ.എം.എച്ച്.എസ്.എസ്. നെടുമ്പാറ, ഗവ. എച്ച്.എസ്. വലിയകാവ്, ഗവ. യു.പി.എസ്. റോസ്‌മല എന്നീ സ്കൂളുകളെ അന്തർജില്ലാ സ്ഥലം മാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുള്ള സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ ഗവ.വി.എച്ച്.എസ്.എസ്. അച്ചൻകോവിൽ, ഗവ.ടി.സി.എൻ.എം.എച്ച്.എസ്.എസ്. നെടുമ്പാറ, ഗവ.എച്ച്.എസ്. വലിയകാവ്, ഗവ.യു.പി.എസ്. റോസ്‌മല എന്നീ സ്കൂളുകളെ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുള്ള സ്കൂളുകളുടെ പട്ടികയിൽ 02/11/2023 തീയതിലെ സ.ഉ.(കൈ)നം.166/2023/G.EDN ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിന് ശേഷവും ടി സ്കൂളുകൾ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുള്ള സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ അധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2024-25 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിൽ പ്രസ്തുത സ്കൂളുകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ; | (സി) | പ്രസ്തുത സ്കൂളുകളെ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുള്ള സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളുകളിൽ നിലവിൽ സ്ഥിര അധ്യാപകരുടെ ആകെ എത്ര തസ്തിക അനുവദിച്ചിട്ടുണ്ടെന്നും എത്ര തസ്തിക ഒഴിവുണ്ടെന്നും വിശദമാക്കാമോ? | (ഡി) | പ്രസ്തുത സ്കൂളുകളിൽ നിലവിലുള്ള സ്ഥിര അധ്യാപകരുടെ ആകെ തസ്തികകളുടെയും നിലവിലുള്ള ഒഴിവുകളുടെയും എണ്ണം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I



"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം - പശ്ചിമഘട്ട താഴ്‌വരയിലെ വിദൂര/അപ്രാപ്യമായ/വനമേഖലകളിലെ സ്കൂളുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളെ പട്ടികപ്പെടുത്തിയതു പരിഷ്ക്കരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.166/2023/GEDN തീയതി,തിരുവനന്തപുരം, 02-11-2023

---

പരാമർശം:-
1. 23.04.2003 ലെ സ.ഉ.(കൈ)നം.94/2003/പൊവിവ നമ്പർ ഉത്തരവ്
2. 04.07.2023 ലെ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOPLR/1445/2023-A3 നമ്പർ കത്ത്
3. 06.07.2023 ലെ അഞ്ചൽ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOACL/374/2023-B നമ്പർ കത്ത്
4. 07.07.2023 ലെ കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ DDEKLM/3146/2023-C6 നമ്പർ കത്ത്
5. 25.07.2023 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ A1/10071/2023/DGE നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം, അന്തർ ജില്ല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിലെ വിദൂര/അപ്രാപ്യ/വനമേഖല പ്രദേശങ്ങളിലെ സ്കൂളുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളെ പട്ടികപ്പെടുത്തുകയും, അത്തരം പ്രയാസകരമായ മേഖലകളിൽ 5 വർഷം പ്രവർത്തിക്കാനുള്ള സന്നദ്ധത അറിയിക്കുന്ന പക്ഷം

അന്തർജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണെന്ന് ഉത്തരവാകുകയും ചെയ്തിരുന്നു.

2. പൂർണമായും വനമേഖലയാൽ ചുറ്റപ്പെട്ട പശ്ചിമ ഘട്ടത്തിന് താഴെ തമിഴ് നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന, ഒന്നു മുതൽ 12 വരെ ക്ലാസുകളിലായി മുന്നൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന, പ്രത്യേകിച്ചും ആദിവാസി/തോട്ടം മേഖലയിലെ തൊഴിലാളി കടുംബങ്ങളിലുള്ള കുട്ടികൾ പഠിയ്ക്കുന്ന പുനലൂർ നിയോജകമണ്ഡലത്തിൽ ആര്യങ്കാവ് പഞ്ചായത്തിലെ മലയോര വനമേഖലയിലെ ഗവ.വിഎച്ച്എസ്എസ്, അച്ചങ്കോവിൽ, ഗവ. ടിസിഎൻഎം.എച്ച്എസ്എസ്,നെടുമ്പാറ എന്നീ സ്കൂളുകളെ പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യമുയർന്നിരുന്നു.ഗവ.വി.എച്ച്.എസ്.എസ്. അച്ചങ്കോവിൽ, ഗവ.ടി.സി.എൻ.എം.എച്ച്.എസ്.എസ്. നെടുമ്പാറ, ഗവ.എച്ച്.എസ്.എസ് വലിയകാവ്, ഗവൺമെന്റ് യു.പി.എസ്, റോസ് മല എന്നീ സ്കൂളുകളെ പശ്ചിമഘട്ട താഴ്‌വരയിലെ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് ശുപാർശ ചെയ്തു കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗവ.വി.എച്ച്.എസ്.എസ്, അച്ചങ്കോവിൽ, ഗവ.ടി.സി.എൻ.എം. എച്ച്.എസ്.എസ്.,നെടുമ്പാറ, ഗവ.എച്ച്.എസ്.എസ് വലിയകാവ്, ഗവ.യു.പി.എസ്, റോസ് മല എന്നീ സ്കൂളുകൾ നിൽക്കുന്ന പ്രദേശങ്ങളെ കൂടി സ.ഉ.(എം.എസ്).നം.94/2003/പൊ.വി.വ തീയതി 23.04.2003 നമ്പർ സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

പകർപ്പ് :

സ.ഉ.(കൈ) നം.166/2023/GEDN

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കാണ്ടന്റ് ജനറൽ (എ &ഇ) തിരുവനന്തപൂരം

ഡയറക്ടർ,സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്, തിരുവനന്തപൂരം

ഡയറക്ടർ, ഐ&പി.ആർ.ഡി, തിരുവനന്തപുരം (പ്രസിദ്ധീകരണത്തിന്)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ വകുപ്പ് /ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
N.k. Sheena
Date: 03-11-2023 14:22:51
സെക്ഷൻ ഓഫീസർ

**അനുബന്ധം - II**

**സ്ഥിര അദ്ധ്യാപകരുടെ ആകെ തസ്തികകളും നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച വിവരം**

| സ്കൂളിന്റെ പേര് | സ്ഥിര തസ്തികകൾ | | ഒഴിവുകൾ | |
|---|---|---|---|---|
| ജി.എച്ച്.എസ്. അച്ചൻകോവിൽ | **തസ്തികയുടെ പേര്** | **എണ്ണം** | **തസ്തികയുടെ പേര്** | **എണ്ണം** |
| | ഹെഡ്മാസ്റ്റർ | 1 | ഹൈസ്കൂൾ ടീച്ചർ മലയാളം | 1 |
| | ഹൈസ്കൂൾ ടീച്ചർ കോർ | 3 | ഹൈസ്കൂൾ ടീച്ചർ ഹിന്ദി | 1 |
| | ഹൈസ്കൂൾ ടീച്ചർ മലയാളം | 1 | എച്ച്.എസ്.ടി പി.എസ് | 1 |
| | ഹൈസ്കൂൾ ടീച്ചർ ഹിന്ദി | 1 | എച്ച്.എസ്.ടി മാത്സ് | 1 |
| | യു.പി.എസ്.ടി | 3 | യു.പി.എസ്.ടി | 1 |
| | എൽ.പി.എസ്.ടി | 4 | | |
| ടി. സി .എൻ.എം .എച്ച്.എസ്.എസ്. നെടുമ്പാറ | **തസ്തികയുടെ പേര്** | **എണ്ണം** | **തസ്തികയുടെ പേര്** | **എണ്ണം** |
| | ഹെഡ്മാസ്റ്റർ | 1 (ചാർജ്ജ്) | എച്ച്.എസ്.ടി പി.എസ് | 1 |
| | ഹൈസ്കൂൾടീച്ചർമാത്സ്(മലയാളം) | 1 | എച്ച്.എസ്.ടി മലയാളം | 1 |
| | ഹൈസ്കൂൾ ടീച്ചർ മാത്സ് (തമിഴ്) | 1 | എച്ച്.എസ്.ടി ഹിന്ദി | 1 |
| | എച്ച്.എസ്.ടി.എസ്.എസ്. (മലയാളം) | 1 | യു.പി.എസ്.ടി (മലയാളം ) | 1 |
| | എച്ച്.എസ്.ടി.എസ്.എസ്., (തമിഴ്) | 1 | യു.പി.എസ്.ടി (തമിഴ്) | 1 |
| | എച്ച്.എസ്.ടി.പി.എസ്. (മലയാളം) | 1 | എൽ.പി.എസ്.ടി (തമിഴ്) | 1 |
| | എച്ച്.എസ്.ടി.പി.എസ്. (തമിഴ്) | 1 | എൽ.പി.എസ്.ടി (മലയാളം) | 1 |
| | എച്ച്.എസ്.ടി. മലയാളം | 1 | | |
| | എച്ച്.എസ്.ടി തമിഴ് | 1 | | |

| | | | | |
|---|---|---|---|---|
| | എച്ച്.എസ്.ടി ഹിന്ദി | 1 | | |
| | യു.പി.എസ്.ടി (മലയാളം) | 2 | | |
| | യു.പി.എസ്.ടി (തമിഴ്) | 2 | | |
| | എൽ.പി.എസ്.ടി (തമിഴ്) | 3 | | |
| | എൽ.പി.എസ്.ടി (മലയാളം) | 3 | | |
| ജി.എച്ച്.എസ്. വലിയകാവ് | **തസ്തികയുടെ പേര്** | **എണ്ണം** | **തസ്തികയുടെ പേര്** | **എണ്ണം** |
| | ഹെഡ്മാസ്റ്റർ | 1 | എച്ച്.എസ്.ടി ഹിന്ദി | 1 |
| | ഹൈസ്കൂൾ ടീച്ചർ കോർ | 3 | | |
| | ഹൈസ്കൂൾ ടീച്ചർ മലയാളം | 1 | | |
| | ഹൈസ്കൂൾ ടീച്ചർ ഹിന്ദി | 1 | | |
| | യു.പി.എസ്.ടി | 3 | | |
| | എൽ.പി.എസ്.ടി | 4 | | |
| ജി.എൽ.പി.എസ് റോസ് മല | **തസ്തികയുടെ പേര്** | **എണ്ണം** | ഇല്ല. | |
| | ഹെഡ്മാസ്റ്റർ | 1 | | |
| | എൽ.പി.എസ്.ടി | 4 | | |

സെക്ഷൻ ഓഫീസർ